വർത്തമാനം

2008 ഒക്ടോബർ 21 ചൊവ്വ

1429 ശവ്വാൽ 22 1184 തുലാം 5

മുംബൈ നഗരത്തിന്റെ ഉറക്കം കെടുത്തരുത്

മണ്ണിന്റെ മക്കൾ വാദമുയർത്തി രാഷ്ട്രീയ നേട്ടമുണ്ടാക്കുന്ന മഹാരാഷ്ട്ര രാഷ്ട്രീയത്തിന് ഒരിക്കൽ കൂടി ജീവൻ വച്ചിരിക്കുന്നു എന്നാണ് രാജ്താക്കറെയുടെ മഹാരാഷ്ട്ര നവനിർമാൺ സേന വടക്കേ ഇന്ത്യക്കാർക്കെതിരെ നടത്തിയ ആക്രമങ്ങൾ തെളിയിക്കുന്നത്. റയിൽവേ ബോർഡ് പരീക്ഷാകേന്ദ്രങ്ങൾക്കു നേരെയാണ് കഴിഞ്ഞ ദിവസം എം എൻ എസ് ആക്രമണം അഴിച്ചുവിട്ടത്.

റയിൽവേ ബോർഡ് പരീക്ഷ നടക്കുന്ന 13 കേന്ദ്രങ്ങളിലാണ് മഹാരാഷ്ട്ര നവനിർമാൺ സേനയുടെ പ്രവർത്തകർ അക്രമം നടത്തിയത്. തദേശീയരായ ഉദ്യോഗാർഥികൾക്ക് വേണ്ത്ര പ്രാതിനിധ്യം നല്കിയില്ലെന്നാരോപിച്ചായിരുന്നു ഈ ആക്രമണം. പല സ്ഥലങ്ങളിലും പരീക്ഷയെഴുതാനെത്തിയ ഉത്തരേന്ത്യക്കാരായ ഉദ്യോഗാർഥികളെ എം എൻ എസ് പ്രവർത്തകർ തിരഞ്ഞുപിടിച്ച് മർദിക്കുകയും പരീക്ഷാ ഹാളിൽനിന്ന് ഓടിക്കുകയും ചെയ്ത സംഭവങ്ങൾ അരങ്ങേറി. മുൻപ് ശിവസേനയുടെ നേതൃത്വത്തിൽ നടന്ന ആക്രമണങ്ങൾക്ക് സമാനമായ രീതിയിലാണ് ഇപ്പോൾ സേനാതലവൻ താക്കറെയുടെ മരുമകൻ രാജ് താക്കറെയുടെ നേതൃത്വത്തിലും ആക്രമണം ഉണ്ടായിരിക്കുന്നത്. അക്രമികൾ ചോദ്യപേപ്പറും ഹാൾടിക്കറ്റും വലിച്ചുകീറുകയും ഉദ്യോഗാർഥികൾക്കുനേരെ കല്ലേറു നടത്തുകയും ചെയ്തു. ഡോംബിവ്‌ലി, നവീ മുംബൈ പ്രദേശങ്ങളിലെ പതിമൂന്ന് കേന്ദ്രങ്ങളിൽ ഇത്തരത്തിൽ കൈയേറ്റങ്ങൾ നടന്നതായി റയിൽവേ പൊലീസും മധ്യറയിൽവേ പി ആർ ഒ. എസ് ശർമയും വ്യക്തമാക്കിയിട്ടുണ്ട്.

മുംബൈ പോലുള്ള ഒരു മഹാനഗരത്തിന്റെ സവിശേഷതയാർന്ന സംസ്ക്കാരങ്ങളെ നശിപ്പിക്കുന്നതിന് വഴിവെക്കുന്ന താന്തോന്നിത്തങ്ങൾ നടത്തുന്ന ശക്തികളെ കർശനമായി നേരിടുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാവേണ്ടതുണ്ട്. എം എൻ എസിനെ നിരോധിക്കണമെന്നും രാജ് താക്കറെയെ അറസ്റ്റു ചെയ്യണമെന്നും രാജ്യവ്യാപകമായി തന്നെ ആവശ്യം ഉയർന്നിട്ടുണ്ട്. ഇന്നലെ ലോക്സഭയിലും ഈ വിഷയം അലകൾ ഉയർത്തി.

ഇതിനിടെ മഹാരാഷ്ട്രയിൽ പ്രാദേശികവികാരം ആളിക്കത്തിക്കാൻ ശ്രമിക്കുന്ന രാജ്താക്കറെയുടെയും നവനിർമാൺ സേനയുടെയും നടപടിക്കെതിരെ പ്രതിഷേധം വ്യാപകമാകുന്നുണ്ട്. സംസ്ഥാനത്തെ പ്രതിപക്ഷ കക്ഷികളായ ബി ജെ പി, ബി എസ് പി, ജനതാദൾ(യു), സി പി എം, സി പി ഐ എന്നിവർ നവനിർമാൺ സേനക്കെതിരെ നടപടിവേണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. യു പി എ ഘടകകക്ഷി കളായ സമാജ്‌വാദിയും രാഷ്ട്രീയ ജനതാദളും രാജ്താക്കറെക്കെതിരെ രംഗത്തുവന്നതും കോൺഗ്രസ് – എൻ സി പി നേതൃത്തിലുള്ള സംസ്ഥാ സർക്കാരിന് തലവേദനയായിരിക്കുകയാണ്. എം എൻ സി യെ നിരോധിക്കണമെന്നാവശ്യപ്പെട്ട് രംഗത്തു വന്ന ആർ ജെ ഡി രാജ്താക്കറെയെ അറസ്റ്റു ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനം ശരിയായ നടപടി കൈക്കൊള്ളുന്നില്ലെങ്കിൽ കേന്ദ്രം 355 ാം വകുപ്പ് പ്രയോഗിക്കണമെന്നാണ് ആർ ജെ ഡി നേതാവ് ദേവേന്ദ്ര പ്രസാദ് യാദവ് അഭിപ്രായപ്പെട്ടിരിക്കുന്നത്. മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെയും ഉപമുഖ്യമന്ത്രിയുടെയും പിടിപ്പുകേടാണ് എം എൻ എസിന്റെ താന്തോന്നിത്തങ്ങൾക്ക് കടിഞ്ഞാണിടാൻ സാധിക്കാത്തതിന് കാരണമെന്ന് അമർസിംഗും ആരോപിക്കുകയാണ്. അക്രമങ്ങൾ തടയാനാവാതെ സംസ്ഥാന സർക്കാർ നിഷ്ക്രിയമായെന്ന് എസ് പി പാർലമെന്ററി കക്ഷി നേതാവ് രാം ഗോപാൽ യാദവ് വിമർശിക്കുന്നു. എം എൻ സി ന്റെയും രാജ്താക്കറെയുടെയും അക്രമപ്രവർത്തനങ്ങൾക്ക് മഹാരാഷ്ട്രയിലെ കോൺഗ്രസ്– എൻ സി പി സർക്കാരിന്റെ അക്രമപ്രവർത്തനങ്ങളിൽ കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് ഒരുപോലെ പങ്കുണ്ടെന്നാണ് ബി ജെ പിയുടെയും സി പി എമ്മിന്റെയും നിലപാട്.

നിയമം കയ്യിലെടുക്കാൻ ശ്രമിക്കുന്നവർ ആരായാലും അവരെ കർശനമായി നേരിടുമെന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രി വിലാസ്റാവ് ദേശ് മുഖ് വ്യക്തമാക്കുന്നുണ്ടെങ്കിലും നവനിർമാൺ സേനയുടെ വളർച്ചക്ക് പരോക്ഷമായ സഹായം നല്കുന്നതിൽ ഒരു വിഭാഗം കോൺഗ്രസ് നേതാക്കൾ തന്നെ തല്പരരാണെന്ന വിമർശനങ്ങൾ തള്ളികളയാനാവില്ല. തങ്ങളുടെ പരമ്പരാഗത ശത്രുക്കളായ ശിവസേനയുടെ ശക്തികുറക്കാൻ സഹായിക്കുന്നവരെ വളർത്തുന്നതിന് പരോക്ഷ പിന്തുണ നല്കുകയെന്ന കോൺഗ്രസ് തന്ത്രമാണ് ഇവർക്ക് സൗകര്യമൊരുക്കിക്കൊടുക്കുന്നത്. താല്കാലിക താല്പര്യത്തെ മുൻനിർത്തി പ്രാദേശികവാദം ആളിക്കത്തിക്കുന്ന വിധ്വംസക ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം ആപത്കരമാണെന്നാണ് ഇപ്പോഴത്തെ സംഭവങ്ങൾ കാണിക്കുന്നത്. അധികാരം നിലനിർത്തുന്നതിനുള്ള ഇത്തരം തന്ത്രത്തെ കൈവെടിഞ്ഞ് കർശന നടപടികളിലേക്ക് സർക്കാർ വന്നില്ലെങ്കിൽ മുംബൈനഗരത്തിന്റെ സുരക്ഷയും സാഹോദര്യവും ഒരുമയുമാണ് നഷ്ടപ്പെടുന്നത്. അന്ധമായ പ്രാദേശിക വാദം ശക്തിപ്പെടാൻ ഇടയാക്കുന്ന ഇത്തരം പ്രവണതകളെ മുളയിലേ അമർച്ചചെയ്യാൻ കഴിയണം. രാഷ്ട്രീയ താല്പര്യങ്ങൾക്കു വേണ്ടി ഉറക്കം നടിച്ചാൽ നഷ്ടമാകുക മഹാനഗരത്തിന്റെ ഉറക്കമാണ്.

ഫാഷിസത്തിന്റെ കോഴിക്കോടൻകാണ്ഡം

യുവപക്ഷം | എ എം ഷിനാസ്

കേരളത്തിൽ പിണറായി വിജയനും കൂട്ടരും പാർട്ടി സംഘടനായന്ത്രത്തെ വരുതിയിൽ നിർത്തിയിരിക്കുന്നത് കമ്യൂണിസ്റ്റ് മൂല്യങ്ങളുടെ ശിലാസ്തംഭങ്ങളും രാഷ്ട്രീയ നൈതികതയുടെ വിശുദ്ധസ്ഥലികളും സൃഷ്ടിച്ചുകൊണ്ടല്ല. പ്രത്യുത, മൂലധന സമ്പാദനത്തോടുള്ള അലപ്പും സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള അത്യാർത്തിയും അണികളിൽ സംക്രമിപ്പിച്ചുകൊണ്ടാണ്. കേരളത്തിലെ സി പി എം വലിയ തോതിൽ പരുക്ക് പറ്റാതെ നിലനിൽക്കുന്നത് ഒരു പിണറായി വിജയന്റെ കരുത്ത്മാത്രം കൊണ്ടല്ല. ബ്രാഞ്ച് – ലോക്കൽ – ഏരിയ സെക്രട്ടറിമാർ ഉൾപ്പെടുന്ന പരസഹസ്രം ചെറുപിണറായിമാർ – മൂല്യങ്ങളല്ല കീശയിലെ കാശാണ് വലുത് എന്ന് കരുതുന്നവരും അത് പ്രയോഗപഥത്തിൽ കൊണ്ടുവരുന്നവരും – ഉള്ളതുകൊണ്ടുകൂടിയാണ്.

'ഹിന്ദുത്വത്തിന്റെ രാഷ്ട്രീയ പരിണാമം' എന്ന ഗ്രന്ഥത്തിന്റെ സഹകർത്താവും ദേശാഭിമാനിയിൽ സഹപത്രാധിപരുമായിരുന്ന കെ എസ് ഹരിഹരൻ അത്തോളി സ്വദേശികളായ ഔദ്യോഗികമാർക്സിസ്റ്റുകളുടെ ക്രൂരമർദ്ദനത്തിന്നിരയായി കഴിഞ്ഞ ദിവസംവരെ കോഴിക്കോട് ബീച്ചാശുപത്രിയിലായിരുന്നു. മേൽപരാമർശിച്ച പുസ്തകത്തിന്റെ മറ്റൊരു സഹകർത്താവും പു ക സ സംസ്ഥാന സെക്രട്ടറിയുമായ കെ ഇൻ എൻ കുഞ്ഞഹമ്മദ് ഹൈന്ദവ ഫാഷിസത്തിന്റെ ഒറിസാകാണ്ഡം 'പഠിക്കാൻ' ഭുവനേശ്വറിലും കാന്ധമലിലും ചുറ്റിത്തിരിയുമ്പോൾ തന്നെയാണ് നമ്മുടെ മുറ്റത്തെ മറ്റൊരു ഫാഷിസം ഹരിഹരനുമേൽ രാത്തല്ലായി പെയ്തിറങ്ങിയത്.

മാർക്സിസ്റ്റ് പാർട്ടിയുടെ അത്യസാധാരണമായ നവലിബറൽ പരിണാമത്തിൽ മനം നൊന്ത് നടക്കവെ 'പാഠം' മാസികയുടെ അമരക്കാരനായിരുന്ന എസ് സുധീഷിന്റെ വീട്ടിൽ അന്തിയുറങ്ങിയത് പാർട്ടി ചാരന്മാർ കണ്ടുപിടിച്ചതോടെയാണ് ഹരിഹരന്റെ കഷ്ടകാലം തുടങ്ങിയത്. സുധീഷുമൊത്തുള്ള ഏകദിനസഹവാസം ഉയർത്തിക്കാട്ടി ഹരിഹരനെ ദേശാഭിമാനിയിൽ നിന്ന് സസ്പെന്റ് ചെയ്തു. പിന്നെ പാർട്ടിയുടെ പിഴച്ചപോക്കിനെ പഴിച്ചു കഴിയുന്ന അധിനിവേശപ്രതിരോധസമിതിയുടെ സംസ്ഥാന സെക്രട്ടറിയായി ഹരിഹരൻ.

ഹരിഹരന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അധിനിവേശപ്രതിരോധ സമിതിക്കാർ അത്തോളിയിൽ നടത്തിയ പ്രകടനത്തെ ആ നാട്ടിലെ ഔദ്യോഗിക മാർക്സിസ്റ്റുകൾ തല്ലിത്തുരത്തി എന്നാണ് ഇതുമായിബന്ധപ്പെട്ട പുതിയ വാർത്ത. ഒരു കാലത്ത് പു ക സയുടെ സജീവനേതാവും കെ ഇ എൻ കുഞ്ഞഹമ്മദിന്റെ സാമന്ത ബുജിനിരയായ ജി പി രാമചന്ദ്രൻ – ഷിബു മുഹമ്മദ് – വി കെ ജോസഫ് ശ്രേണിയിലെ പ്രധാനിയുമായിരുന്ന ഹരിഹരനെ തല്ലിച്ചതച്ചിട്ട് ഒരിലയനങ്ങിയാൽവരെ നാടുകുലുക്കുന്ന ഒരൊറ്റ എഴുത്തുകാരനും ബുദ്ധിജീവിയും പത്രപ്രവർത്തകനും സാംസ്കാരിക ശ്വാനസംഘത്തിന്റെ പരിശീലകരും യജമാനന്മാരും പ്രതികരിച്ചുകണ്ടില്ല. മഹേശ്വതാദേവി പറഞ്ഞതുപോലെ അതികാരഹുങ്കിന്റെ എതിർമുഖത്ത് നിൽക്കാൻ വേദികളും പദവികളും സ്ഥാനമാനങ്ങളും മാത്രം ഏകമാത്ര അജണ്ടയാക്കിയ കേരളത്തിലെ സാംസ്കാരി പ്രവർത്തകരെ കിട്ടില്ല.

മഹേശ്വതാദേവിക്കെതിരെ കുരച്ചുചാടാൻ ഈ സാംസ്കാരിക വിദൂഷകക്കൂട്ടം എത്ര ഊർജമാണ് ചെലവാക്കിയത്. എല്ലില്ലാത്ത നല്ല മാംസക്കഷ്ണങ്ങൾ ഇടക്കിടെ കിട്ടിയാൽ മാത്രം മതി അവർക്ക്. ഇത് മഹേശ്വതാദേവി പറയുന്നത് പോലെ ഇവിടെ മാത്രമല്ല ഉള്ളത്. ബംഗാളിലെ ഒരു വലിയവിഭാഗം എഴുത്തുകാരും കലാകാരന്മാരും സന്ദിഗ്രാം – സിംഗൂർ സംഭവങ്ങളെ അപലപിച്ചു എന്നത് ശരിയാണെങ്കിലും കേന്ദ്ര സാഹിത്യ അക്കാദമിയുടെ അമരത്തെത്താൻ ആറ്റുനോറ്റിരുന്ന സുനിൽ ഗംഗോപാധ്യായയെപ്പോലുള്ളവർ ബുദ്ധദേവിനെ പാദസേവ ചെയ്തു കഴിയുകയായിരുന്നു അപ്പോൾ. കേരളത്തിൽ, പക്ഷെ, ചെറുതും ഇടത്തരക്കാരും വലുതുമായ സുനിൽ ഗംഗോപാധ്യായമാർ എ കെ ജി സെന്ററിന്റെ മേൽക്കൂരയിൽ നിന്ന് കറുത്ത പുകയാണോ വെളുത്തപുകയാണോ വരുന്നതെന്ന് നിരീക്ഷിച്ചേ ഏതുകാര്യത്തെക്കുറിച്ചും രണ്ടക്ഷരം പറയൂ എന്നായിട്ടുണ്ട്. ഈയിടെ കല്പറ്റ നാരായണൻ എം എൻ വിജയൻ മാഷുടെ ഒന്നാം ചരമവാർഷിക ദിനത്തിൽ പറഞ്ഞതുപോലെ സി പി എം അംഗങ്ങളോ സി പി എമ്മിന്റെ അനുഭാവികളോ അല്ലാത്ത സാംസ്കാരികപ്രവർത്തകർക്ക് ജീവിക്കാൻ പറ്റാത്ത അതിനീചമായ ഇടമായി കേരളം മാറിയിരിക്കുന്നു.

അധിനിവേശ പ്രതിരോധ സമിതിക്കാർ മനസ്സിലാക്കേണ്ട ഒരു കാര്യം രാഷ്ട്രീയ നൈതികതയും കമ്യൂണിസ്റ്റ് മൂല്യങ്ങളും പറഞ്ഞ്, സി പി എമ്മിന്റെ വലതുപക്ഷ വ്യതിയാനത്തിന്റെ തമോഗർത്തങ്ങൾ ചൂണ്ടിക്കാണിച്ച്, മൂലധനമാഫിയയുമായുള്ള ചില നേതാക്കളുടെ ദുരൂഹബന്ധങ്ങളെക്കുറിച്ച് ഗിരിപ്രഭാഷണം നടത്തി സി പി എം അണികളെ ചെറിയതോതിൽപോലും തങ്ങളുടെ ഭാഗത്തേക്ക് ആകർഷിക്കാൻ പറ്റില്ല എന്നതാണ്. കാരണം, കേരളത്തിൽ പിണറായി വിജയനും കൂട്ടരും പാർട്ടി സംഘടനായന്ത്രത്തെ വരുതിയിൽ നിർത്തിയിരിക്കുന്നത് കമ്യൂണിസ്റ്റ് മൂല്യങ്ങളുടെ ശിലാസ്തംഭങ്ങളും രാഷ്ട്രീയ നൈതികതയുടെ വിശുദ്ധസ്ഥലികളും സൃഷ്ടിച്ചുകൊണ്ടല്ല. പ്രത്യുത, മൂലധന സമ്പാദനത്തോടുള്ള അലപ്പും സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള അത്യാർത്തിയും അണികളിൽ സംക്രമിപ്പിച്ചുകൊണ്ടാണ്.

കേരളത്തിലെ സി പി എം വലിയ തോതിൽ പരുക്ക് പറ്റാതെ നിലനിൽക്കുന്നത് ഒരു പിണറായി വിജയന്റെ കരുത്ത്മാത്രം കൊണ്ടല്ല. ബ്രാഞ്ച് – ലോക്കൽ – ഏരിയ സെക്രട്ടറിമാർ ഉൾപ്പെടുന്ന പരസഹസ്രം ചെറുപിണറായിമാർ – മൂല്യങ്ങളല്ല കീശയിലെ കാശാണ് വലുത് എന്ന് കരുതുന്നവരും അത് പ്രയോഗപഥത്തിൽ കൊണ്ടുവരുന്നവരും – ഉള്ളതുകൊണ്ടുകൂടിയാണ്. അത്തരം പൊളിറ്റിക്കൽ കരിയറിസ്റ്റുകൾ പുഴുക്കളെപ്പോലെ പെരുകിവരുന്ന സമൂഹത്തിൽ വി എസ് അച്യുതാനന്ദനല്ല പ്രകാശ്കാരാട്ട് തന്നെ എതിരഭിപ്രായം പറഞ്ഞാലും ഈ ചെറുനേതാക്കൾ തങ്ങളുടെ പ്രതിപുരുഷന്മാരായ വൻനേതാക്കളുടെ കൂടെ നിൽക്കുകയേ ഉള്ളൂ.

ഇതൊരു പൊളിറ്റിക്കൽ സിംബയോസിസ് കൂടിയാണ്. അടിത്തട്ടിലുള്ള നേതാക്കളെ സുഖിപ്പിച്ച് നിർത്തിയാലെ മേൽത്തട്ടിലെ സുഖലോലുപതയ്ക്കെതിരെ വിമർശനം ഉയരാതിരിക്കൂ. കഴിഞ്ഞ ഒരു വ്യാഴവട്ടത്തിനുള്ളിൽ കേരളത്തിലെ സി പി എമ്മിന് സംഭവിച്ച ഏറ്റവും വലിയ മാറ്റം അടിത്തട്ടിലുള്ള മിക്ക നേതാക്കളുടെയും സാമ്പത്തിക സ്ഥിതിയും ഭൗതിക സൗകര്യങ്ങളും അഭൂതപൂർവ്വമായി വർധിച്ചു എന്നതാണ്. അത് നിലനിർത്തണമെങ്കിൽ, അല്ലെങ്കിൽ അത് ശതഗുണീഭവിക്കണമെങ്കിൽ നവലിബറൽമൂല്യങ്ങളോട് സന്ധിചെയ്ത നേതാക്കൾ നിലനിൽക്കുകയും ഉത്തരോത്തരം ശക്തരാകുകയും വേണം. നേരെ തിരിച്ചും.

ഇപ്പോൾ കവലകളായ കവലകളിലൊക്കെ കാണുന്ന വലിയ തമാശ ഡി വൈ എഫ് ഐയുടെ 'ആസാദി ബച്ചാവോ' എന്ന മുദ്രാവാക്യമാണ്. ഇന്ത്യയുടെ സ്വതന്ത്ര വിദേശനയവും സൈനിക പരമാധികാരവും ആണവകരാർ ഒപ്പിട്ടതിലൂടെ അമേരിക്കക്ക് അടിയറവെച്ചു എന്ന പരമാർത്ഥത്തിന് അടിവര ചാർത്തുന്ന ഒന്നാംതരം മുദ്രാവാക്യം. ഇക്കാര്യത്തിൽ ലേഖകന് ശ്രീരാമകൃഷ്ണന്മാരോട് പൂർണ യോജിപ്പാണ്. പക്ഷെ, നിയോലിബറൽ നഗരവാദമെന്നും കോർപ്പറേറ്റ് നഗരരാഷ്ട്രമെന്നുമൊക്കെ ലബ്ധപ്രതിഷ്ഠരായ ഇടതുപക്ഷ ചിന്തകർ തന്നെ വിശേഷിപ്പിക്കുന്ന, തൊഴിലാളികൾ ദശാബ്ദങ്ങളുടെ സമരങ്ങളിലൂടെ നേടിയെടുത്ത തൊഴിലവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ചവിട്ടിയരക്കുന്ന സെസ്സിന് ഈ 'സ്വാതന്ത്ര്യവാദികൾ' ഹലേലൂയ്യ പാടുന്നത് ആരെ സുഖിപ്പിക്കാനാണ്? സംസ്ഥാനത്തിന്റെ സമ്പദ് നയരൂപീകരണത്തിൽ പാരതന്ത്ര്യത്തിന്റെ പരശ്ശതം ചങ്ങലക്കെട്ടുകൾ തീർത്ത എ ഡി ബി വായ്പയെ 'ആസാദി'യുടെ പ്രഘോഷണമായി ചിത്രീകരിച്ചത് ആരാണ്? ഡിഫിക്കാർ നടത്തുന്നത് സാമ്രാജത്വത്തിന്റെ ഭാഗിക വിമർശനമാണ്. കാരണം, അമേരിക്കയെന്ന രാഷ്ട്രീയ സാമ്രാജത്വത്തെ എതിർക്കുമ്പോൾ തന്നെ അമേരിക്കയുടെ സാമ്പത്തിക സാമ്രാജ്യത്വത്തിന് അവർ ചുവപ്പ് പരവതാനി വിരിക്കുന്നു. അമേരിക്കയുടെ ഒരു കവിളിൽ നുള്ളുമ്പോൾ മറ്റേ കവിളിൽ ഗാഢമായി ഉമ്മവെക്കുന്നു എന്നർത്ഥം. ഇതൊക്കെ ആരുടെ കണ്ണിൽ പൊടിയിടാനാണ്?

ഈവക ഇരട്ടത്താപ്പുകൾ അനാവരണം ചെയ്യാൻ നടത്തുന്ന ഹരിഹരന്മാരുമായി സംവാദം നടത്തുന്നതിന് പകരം അവരെ കായികമായി നേരിടുന്ന ശൈലി ഫാഷിസമല്ലാതെ മറ്റൊന്നുമല്ല. ഗുജറാത്തിലേയും ഒറിസയിലെയും ഫാഷിസത്തെക്കുറിച്ച് പറഞ്ഞ് ന്യൂനപക്ഷ വോട്ടുബാങ്കിലേക്ക് കണ്ണുനട്ട് കണ്ണീരൊഴുക്കുന്നവർ തങ്ങളുടെ മുറ്റത്തെ ഫാഷിസത്തെക്കുറിച്ച് ഒന്നും പറയില്ല. കാരണം, ലോകത്തുള്ള എല്ലാ മാർക്സിസ്റ്റ് പാർട്ടികളിലും ഒരു ഫാഷിസ്റ്റ് ഭൂതം ഉണ്ടായിരുന്നു / ഉണ്ട്. രാഷ്ട്രത്തിന്റെ പരമാധികാരം കൈവരുമ്പോൾ കുടം തുറന്ന് ഈ ഭൂതം താനെ പുറത്ത്വരും. സോവിയറ്റ് യൂണിയനിൽ സ്റ്റാലിനിസമായും ചൈനയിൽ സാംസ്കാരിക വിപ്ലവമായും കമ്പോഡിയയിൽ പോൾപോട്ടിസമായും അത് പത്തിവിടർത്തും. അപ്പോൾ ട്രോട്സ്കിമാരുടെയും കിറോവുമാരുടെയും സിനോവിയേവുമാരുടെയും തലയുരുളും. ഇന്ത്യയിൽ വിദൂരഭാവിയിലൊന്നും സി പി എം അധികാരത്തിൽ വരില്ല എന്നതുകൊണ്ട് മാർക്സിസ്റ്റുകളല്ലാത്തവർക്ക് സമാധാനിക്കാം. കെ എസ് ഹരിഹരനെപ്പോലുള്ള അധിനിവേശ പ്രതിരോധ സമിതിക്കാരായ ക്ലാസിക്കൽ മാർക്സിസ്റ്റുകൾക്കും.

ധർമരാഷ്ട്രങ്ങളുടെ ഏകോപനം

കെ സി രാഘവൻ

ഭൂമിയിൽ എവിടെ ആവർഭവിച്ചാലും ശരി മാനവ സമുദായത്തിന് ശാശ്വതവും സ്ഥായിയുമായ നേട്ടങ്ങൾ പ്രദാനം ചെയ്യുന്ന തത്വസംഹിതകളും പ്രബോധനങ്ങളും ഭൗതികശാസ്ത്ര കണ്ടെത്തലുകളും അവന്റെ പൊതുസ്വത്തായി പരിഗണിച്ചു പങ്കിടാൻ പാകപ്പെട്ട മനസ്സ് നമുക്ക് ആർജിക്കേണ്ടതുണ്ട്. വിശ്വമാനവികതയുടെ ബാലപാഠവും അടിസ്ഥാന രേഖയുമായി ആ ധാരണ അംഗീകരിക്കപ്പെടണം. ഏകമായ സത്യത്തിന്റെ ബഹുമുഖതയും മാനവ ജീവിതസമ്പ്രദായ വൈവിധ്യങ്ങളും– അതു ധർമവിരുദ്ധമല്ലാത്തിടത്തോളം സഹിഷ്ണുതാബോധത്തോടെ അനുവദിച്ചുകൊടുക്കൽ സമൂഹത്തിന്റെയും വ്യക്തിയുടെയും ബാധ്യതയാണ്.

ഓരോ വ്യക്തിക്കും ധർമബോധവും ആത്മാവുമുള്ളതുപോലെ തന്നെ രാഷ്ട്രങ്ങൾക്കും തനതും പ്രത്യേകവുമായ ആത്മാവും ധാർമിക, സദാചാര, കല, രാഷ്ട്രീയ വീക്ഷണ മേഖലകളിൽ അനന്യതയും പ്രകടമാണ്. മതവിശ്വാസമോ രാഷ്ട്രീയപരമായ ആദർശപരതയോ മാത്രമല്ല രാഷ്ട്രങ്ങൾ രൂപംകൊണ്ടതിന്റെ പിന്നിലെ അടിസ്ഥാനഘടകം. ഓരോന്നിനും അതിന്റേതായ ധാർമിക കടമകൾ നിറവേറ്റാനുണ്ട്.

റോം, ഇറ്റലി, ഫ്രാൻസ്, ജർമനി, സ്പെയിൻ, ഇംഗ്ലണ്ട് ഇവയെല്ലാം ക്രൈസ്തവ രാഷ്ട്രങ്ങളാണെങ്കിലും വൈകാരികവും സാംസ്കാരികവുമായ പൈതൃകസവിശേഷതകൾ ഓരോന്നിനും അവകാശപ്പെടാനുണ്ടാകും. അമേരിക്ക ഇംഗ്ലണ്ടിൽനിന്നു സ്വാതന്ത്ര്യം നേടിയ ചരിത്രവും നിലനില്ക്കുന്നു. അതുപോലെത്തന്നെ മുസ്‌ലിം രാഷ്ട്രങ്ങളായ സഊദി അറേബിയ, ബഹറൈൻ, യമൻ, ഇറാൻ, ഇറാക്ക്, തുർക്കി, ഈജിപ്ത്, ഇന്തോനേഷ്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് ഇവയെല്ലാം വിഭിന്ന സംസ്കൃതിയും ദേശീയതയും പുലർത്തുന്നു. സ്ഥിതിസമത്വവാദം കൊട്ടിഘോഷിച്ചു പെരുമ്പറയടിച്ച സോവിയറ്റു യൂനിയന്റെ ദയനീയവും അപമാനകരവുമായ സ്വയംകൃതാനർഥ പതനവും പക്ഷരാഷ്ട്രങ്ങളുടെ വേർപിരിയലും 20–ാം നൂറ്റാണ്ടിന്റെ അന്ത്യകാലചരിത്രവസ്തുതയാണല്ലോ. പകരക്കാരന്റെ അകാലചരമം മുതലാളിത്തം പോലും പ്രതീക്ഷിച്ചതല്ല.

ഏതെങ്കിലും ഒരു മതത്തിന്റെയോ രാഷ്ട്രീയപ്രത്യയശാസ്ത്രത്തിന്റെയോ കുടക്കീഴിൽ ലോകമാസകലമുള്ള രാഷ്ട്രങ്ങളെയും ജനതയെയും ഏകോപിപ്പിച്ചു അണിനിരത്താൻ കഴിയുമെന്ന ധാരണ ഫലത്തിൽ അപ്രായോഗികവും നിയതി നിയമനിഷേധവുമാണ്. സത്യത്തിന്റെ ബഹുമുഖത അംഗീകരിക്കായ്മ മൂഢത്വമായി അഭിജ്ഞർ വ്യാഖ്യാനിക്കുന്നു.

ഓരോ രാഷ്ട്രത്തിന്റെയും സംസ്കൃതി അതിന്റെ രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തനങ്ങളെയും നിയാമക നീതിധർമങ്ങളെയും പ്രായോഗികതലത്തിൽ സമ്പൂർണമായി സ്വാധീനിക്കുന്നു. ഭരണപരവും സാമ്പത്തികവുമായ മേഖലകൾക്ക് പുറമെ മാനവജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും സാംസ്കാരിക പൈതൃകത്തിന്റെ സമവായം ഉറപ്പാക്കൽ അതത് രാഷ്ട്രചൈതന്യത്തിന്റെ ഉദ്ദിഷ്ട ലക്ഷ്യമായി കരുതുന്നുണ്ട്. സ്വതന്ത്രമായ ആത്മാഭിമാനം അവകാശപ്പെടാനില്ലാത്തവർക്ക് അധികകാലം പിടിച്ചുനില്ക്കാനാവില്ലെന്നതിന്റെ പ്രത്യക്ഷോദാഹരണം ജർമൻ മതിൽ പൊളിഞ്ഞുപോയതിലും കൊറിയ ഏകോപിതമായതിലും ദൃശ്യമാകും.

കാറൽ മാർക്സ് അർഥത്തെ മനുഷ്യപുരോഗതിയിലെ ഏറ്റവും വലിയ നീർണായകഘടകമായി വിലയിരുത്തി. ഫ്രോയിഡ് ആ സ്ഥാനം നല്കിയത് കാമത്തിനാണ്. മാർക്സിനു കാമവും ഫ്രോയിഡിനു അർഥവും താരതമ്യേന അപ്രസക്തഘടകങ്ങളായിരുന്നു. പരിണാമസിദ്ധാന്ത ശാസ്ത്രകാരൻ ചാറൽസ് ഡാർവിൻ മത്സ്യാന്യായവാദിയാണ്. തന്നിൽ ചെറിയത് തനിക്കിര എന്നതാണ് അദ്ദേഹത്തിന്റെ പ്രമാണം. ഈ സിദ്ധാന്തങ്ങളൊന്നും സമ്പൂർണമായി തെളിയിക്കപ്പെട്ടതല്ല. കൈവല്യവൈകല്യസമ്മിശ്രങ്ങളാണവയെല്ലാം.

ഭാരതീയദർശനത്തിൽ പ്രഥമപദവി രാഷ്ട്രത്തിന്റെ ഭരണകൂടത്തിനല്ല. ഇവിടെ സമാജമാണ് കേന്ദ്രബിന്ദു. സമാജസേവനത്തിന്റെ ഒരുപാധി മാത്രമാണ് സ്റ്റേറ്റ്. സ്റ്റേറ്റ് മതേതരമായിരിക്കേണ്ടത് അനിവാര്യമാണ്. തദ്വാരാ ഭാരതം സർഗാത്മകമായി മതേതരമായി തീർന്നു.

നമ്മുടെ രാഷ്ട്രം ധർമനിരപേക്ഷമല്ല. മതവും ധർമവും ഒന്നല്ല. മതം വ്യക്തിയുടെ ഉപാസനാവിഷയമാണ്. ധർമം വ്യക്തിയും സമാജവും തമ്മിലുള്ള ഇണക്ക് കണ്ണിയാണ്. ഭരണകൂടത്തിന്റെ ആവശ്യകത തന്നെ ധർമസംരക്ഷണമാണ്. ഭാരതത്തിൽ വിവിധ മതസ്ഥർക്കുള്ള ആരാധനാസ്വാതന്ത്ര്യം രാഷ്ട്രധർമത്തിന്റെ ഭാഗമാണ്. ഇതേ സ്വാതന്ത്ര്യം നിരീശ്വരവാദിയ്ക്കും യുക്തിവാദിക്കും അനുഭവിക്കാം. പക്ഷെ ആരും ധർമധ്വംസകരാകാൻ പാടില്ല. ധർമ്മാതിലംഘനം ദണ്ഡനാർഹമാണ്.

രാജ്യവും മതവും തമ്മിൽ കൂട്ടിക്കുഴക്കേണ്ടതില്ല. വ്യക്തികൾക്ക് ഈശ്വരോപാസനാ ചാതുര്യമോ സൗകര്യമോ വർധിപ്പിക്കാൻ സ്വയം ആവിഷ്കരിക്കുന്ന മാർഗം മാത്രമാണ് മതം. ധർമരാജ്യങ്ങളിൽ മതവും രാഷ്ട്രീയവും വ്യത്യസ്ത തലങ്ങളിലാണ് വർത്തിക്കേണ്ടത്. ഓരോ വ്യക്തിക്കും അവനവന്റെ മതമാചരിക്കാൻ പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കണം. മതരാഷ്ട്രങ്ങളിൽ രാഷ്ട്രമതത്തിന് അമിതമായ സ്വാതന്ത്ര്യവും മറ്റുള്ളവയ്ക്ക് പ്രത്യക്ഷമോ പരോക്ഷമോ ആയ വിലക്കും കാണും. പക്ഷെ ധർമരാജ്യങ്ങളിൽ സ്വന്തം മതാനുഷ്ഠാനാവസരത്തിൽ തന്നെ പരമത സഹിഷ്ണുതയും സ്വാഭാവിക ആചാരമായി പരിഗണിക്കും. ഓരോ സ്വാതന്ത്ര്യത്തിനും അതിന്റേതായ മര്യ